**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5661** **24-03-2025 - ൽ മറുപടിയ്ക്ക്**

**റേഷൻ മസ്റ്ററിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ റേഷൻ മുൻഗണനാ വിഭാഗത്തിലുള്ള മഞ്ഞ, പിങ്ക് റേഷൻ കാർഡുകളിൽ ഉൾപ്പെട്ട മസ്റ്ററിംഗ് നടത്താത്ത പതിനൊന്നര ലക്ഷം പേരുടെ റേഷൻ മരവിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ റേഷൻ മുൻഗണന വിഭാഗത്തിലുള്ള മഞ്ഞ, പിങ്ക് കാർഡുകളിൽ ഉൾപ്പെട്ട മസ്റ്ററിംഗ് നടത്താത്ത ഗുണഭോക്താക്കൾ മസ്റ്ററിംഗ് നടത്താത്തതിനാൽ നിലവിൽ NRK സ്റ്റാറ്റസ് ആയി നിലനിൽക്കുന്നു. ഇത്തരത്തിൽ NRK സ്റ്റാറ്റസ് ആയി RCMS -ൽ നിലനിൽക്കുന്നതിനാൽ അപ്ഡേഷൻ ചെയ്യാൻ സാധിക്കാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കി താലൂക്ക് തലത്തിൽ പരിശോധന നടത്തി അവരെക്കൊണ്ട് മസ്റ്ററിംഗ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്നതിനാൽ റേഷൻ കാർഡിൽ NRK സ്റ്റാറ്റസ് നിലനില്ക്കുന്നവർക്ക് നാട്ടിൽ തിരികെയെത്തി, ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ടി സ്റ്റാറ്റസ് മാറ്റിയശേഷം e-KYC അപ്ഡേഷൻ നടത്തുന്നതിനും, റേഷൻ വിഹിതം കൈപ്പറ്റുന്നതിനും സാധിക്കുന്നതാണ്. അർഹരായ മുഴുവൻ പേർക്കും റേഷൻ ഭക്ഷ്യ സാധനങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ ഇത്തരം കടുത്ത നടപടി സ്വീകരിക്കാനുണ്ടായ സാഹചര്യം വിശദമാക്കാമോ; | (ബി) | കേന്ദ്ര നിർദ്ദേശാനുസരണം ആരംഭിച്ച എൻ.എഫ്.എസ്.എ റേഷൻ ഗുണഭോക്താക്കളുടെ ((AAY+PHH)/ മഞ്ഞ, പിങ്ക് കാർഡുകൾ) ആദ്യഘട്ട e -KYC അപ്ഡേഷൻ 2024 സെപ്റ്റംബർ മാസം 18 മുതൽ ആരംഭിച്ചു. സെപ്റ്റംബർ 18 മുതൽ 24 വരെ തിരുവനന്തപുരം ജില്ലയിൽ മാത്രവും, സെപ്റ്റംബർ 25 മുതൽ ഒക്ടോബർ 1 വരെ കൊല്ലം മുതൽ തൃശ്ശൂർ വരെയും, ഒക്ടോബർ 3 മുതൽ 8 വരെ പാലക്കാട് മുതൽ കാസർഗോഡ് ജില്ല വരെയും ടി പ്രക്രിയ നടത്തി. ആദ്യഘട്ടം കഴിഞ്ഞപ്പോൾ ആകെ ഗുണഭോക്താക്കളുടെ 83.2% കാർഡ് അംഗങ്ങൾ |

അപ്‌ഡേഷൻ നടത്തി. തുടർന്ന് രണ്ടാം ഘട്ടം ഒക്ടോബർ മാസം 13-ന് ആരംഭിച്ചു. ടി ഘട്ടത്തിൽ റേഷൻ കടകളിലെ ഇ-പോസ് മെഷീൻ മുഖേന അപ്‌ഡേഷൻ നടത്താൻ സാധിക്കാത്തവർക്കായി റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഐറിസ് സ്കാനർ മുഖാന്തിരം അപ്‌ഡേഷൻ നടത്തുവാനും, കിടപ്പ് രോഗികളുടെ അടുക്കൽ നേരിട്ടെത്തി അപ്‌ഡേഷൻ നടത്തുവാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം NIC ഹൈദ്രാബാദ് വികസിപ്പിച്ചെടുത്ത മേരാ KYC എന്ന Face App സംവിധാനം ഉപയോഗിച്ച് മൊബൈൽ ഫോണിലൂടെ മസ്റ്ററിംഗ് നടത്തുന്നതിന് ആവശ്യമായ സൗകര്യം സജ്ജമാക്കി. e kyc അപ്‌ഡേഷൻ സംബന്ധിച്ച് ഗുണഭോക്താക്കളെ ബോധവാന്മാരാക്കുന്നതിലേക്കായി ബോധവൽക്കരണ പോസ്റ്ററുകൾ റേഷൻ കടകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ പതിപ്പിക്കുകയും, പ്രമുഖ പത്രമാധ്യമങ്ങളിലൂടെ അപ്‌ഡേഷൻ സംബന്ധിച്ച വിവരം ഗുണഭോക്താക്കളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. 2025 ജനുവരി മാസം മുതൽ മൂന്നാം ഘട്ടം ആരംഭിച്ചു. ഗോത്രവർഗ്ഗ മേഖലകളിൽ ST പ്രൊമോട്ടർമാരുടെ സഹായത്തോടെ ഗുണഭോക്താക്കളെ കണ്ടെത്തി e-KYC ചെയ്യുകയുണ്ടായി. e-KYC അപ്‌ഡേറ്റ് ചെയ്യാത്തവരുടെ ലിസ്റ്റ് എല്ലാ മാസവും തയ്യാറാക്കി താലൂക്ക് ഓഫീസുകളിലേക്ക് നല്കുകയും ടി ലിസ്റ്റ് പ്രകാരം ഫീൽഡ് തലത്തിൽ അന്വേഷണം നടത്തി, യോഗ്യരായവരെ കണ്ടെത്തി അവരുടെ അപ്‌ഡേഷൻ നടത്തുവാൻ ആവശ്യമായ നിർദ്ദേശം താലൂക്ക് ഓഫീസുകൾക്ക് നല്കിയിട്ടുണ്ട്. റേഷൻ കടകൾ കേന്ദ്രീകരിച്ചും വാർഡ്, താലൂക്കുതല ക്യാമ്പുകൾ സംഘടിപ്പിച്ചും അപ്‌ഡേഷൻ നടത്തുന്നതിന് ആവശ്യമായ സൗകര്യം എർപ്പെടുത്തിയിട്ടുണ്ട്. റേഷൻ വിതരണത്തിന് തടസ്സം വരാത്ത വിധത്തിലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉളവാക്കാത്ത തരത്തിലുമാണ് e-KYC അപ്‌ഡേഷനായി ഇത്തരം ക്രമീകരണങ്ങൾ നടത്തിയിരുന്നത്. കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ച് എല്ലാ മാസവും e-KYC അപ്‌ഡേഷന്റെ സ്റ്റാറ്റസ് കേന്ദ്ര ഗവണ്മെന്റിലേക്ക് നല്കുകയും ചെയ്യുന്നുണ്ട്. 100% അപ്‌ഡേഷൻ പൂർത്തീകരിക്കുന്നതിന് കേന്ദ്രം അനുവദിച്ച സമയപരിധി 2025 മാർച്ച് 31 ന് അവസാനിക്കുന്ന സാഹചര്യത്തിൽ മസ്റ്ററിംഗ് പൂർത്തിയാക്കാത്തവരുടെ സ്റ്റാറ്റസ് RCMS -ൽ NRK(Non Resided Keralites) ആയി

| | | | |
|---|---|---|---|
| | | | നിലനിർത്തിക്കൊണ്ട്, മസറ്ററിംഗിന് ഹാജരാകുന്ന മുറയ്ക്ക് ടി സ്റ്റാറ്റസ് റദ്ദാക്കി മസ്റ്ററിംഗ് നടത്തുന്ന രീതിയിൽ ക്രമീകരിച്ചിട്ടുണ്ട്. നിലവിൽ 95.98% അപ്ഡേഷൻ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. |
| (സി) | സമയബന്ധിതമായി മസ്റ്ററിംഗ് നടത്താൻ സാധിക്കാത്ത കിടപ്പുരോഗികളും നിരാലംബരുമായ ആളുകളുടെ റേഷൻ നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | റേഷൻ വ്യാപാരികളുടെ സഹായത്തോടെ കിടപ്പ് രോഗികളുടെ അടുക്കൽ നേരിട്ടെത്തി ekyc അപ്ഡേഷൻ നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം NIC ഹൈദ്രാബാദ് വികസിപ്പിച്ചെടുത്ത മേരാ KYC എന്ന Face App സംവിധാനം ഉപയോഗിച്ച് മൊബൈൽ ഫോണിലൂടെ മസ്റ്ററിംഗ് നടത്തുന്നതിന് ആവശ്യമായ സൗകര്യം സജ്ജമാക്കിയിട്ടുണ്ട്.നിശ്ചിത സമയപരിധിക്കുള്ളിൽ മസറ്ററിംഗ് നടത്താത്ത മുൻഗണനാ അംഗങ്ങൾക്ക് റേഷൻ വിഹിതം നഷ്ടമാകാൻ സാധ്യതയുണ്ട് എന്നാണ് കേന്ദ്ര സർക്കാർ പ്രതിനിധികൾ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ അറിയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ